# ആറ്റിങ്ങൽ നഗരസഭ

നമ്പർ 3039/2012 തീയതി: 27/12/2012

## വിജ്ഞാപനം

1994–ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 271–ാം വകുപ്പു പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കൊണ്ടും ഈ വിഷയത്തിൽ മേൽ നിലവിലുള്ള വിജ്ഞാപനങ്ങൾ പ്രകാരവും ആറ്റിങ്ങൽ നഗരസഭാ പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൽ മേലോ ചുമരിൻമേലോ പരസ്യ പലകയിൽമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ മറ്റ് സ്ഥലങ്ങളിലോ ഏതെങ്കിലും പരസ്യം കുത്തനേ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു വയ്ക്കുകയോ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുകയോ പൊതുജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ അങ്ങനെയുള്ള പ്രദേശത്ത് ഏതെങ്കിലും രീതിയിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും, പരസ്യ നികുതി ഈടാക്കണമെന്നുള്ളതുകൊണ്ട് 30/6/2012–ൽ കൂടിയ ബഹു.കൗൺസിൽ പരസ്യ നികുതി പരിഷ്ക്കരിക്കുന്നതിന് 6–ാം നമ്പർ ആയി തീരുമാനമെടുത്തിട്ടുള്ളത് പ്രകാരം 01/4/2013 മുതൽ ആറ്റിങ്ങൽ നഗരസഭാ പ്രദേശത്ത് പരസ്യ നികുതി പരിഷ്ക്കരിച്ചുകൊണ്ടുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യത്തിന്റെ സ്വഭാവം | വിസ്തീർണ്ണം | കാലാവധി | നിരക്ക് |
|---|---|---|---|---|
| 1 | പരസ്യപ്പലകമേൽ ചുവർ പോസ്റ്ററുകളിൽ പ്രകാശിപ്പിക്കാത്ത രൂപത്തിലുള്ള സ്കൈ സൈനുകൾ<br>അധികം വരുന്ന ഓരോ ച.മീറ്ററിനോ അതിനു കുറവിനോ | 1 ച.മീറ്റർ വരെ<br>1 ച.മീ.മുതൽ 3 ച.മീ.വരെ | 1 മാസത്തേയ്ക്ക്<br>,,<br>,, | 10/–<br>20/–<br>10/– |
| 2 | സിനിമാ പോസ്റ്ററുകൾ അല്ലാത്ത പോസ്റ്ററുകൾക്ക്<br>അധികം വരുന്ന ഓരോ ച.മീറ്ററിനോ അതിൽ കുറവിനോ | 0.5 ച.മീറ്റർ വരെ<br>1 ച.മീറ്റർ വരെ | 1 മാസത്തേയ്ക്ക്<br>,,<br>,, | 10/–<br>15/–<br>5/– |
| 3 | സിനിമാ പോസ്റ്ററുകൾക്ക് 1.60 ച.മീ.കവിയാത്ത സ്ഥല വിസ്തീർണ്ണം.<br>അധികം വരുന്ന ഓരോ 0.80 ച.മീറ്ററിനോ അതിൽ കുറവിനോ | 0.80 ച.മീ.കവിയാത്തത്. | 1 മാസത്തേയ്ക്ക്<br>,,<br>,, | 5/–<br>10/–<br>5/– |
| 4 | കാളകൾ, മനുഷ്യൻ, കുതിരകൾ, സൈക്കിളുകൾ എന്നവ ഉപയോഗിച്ച് വലിക്കുന്ന വാഹനത്തിലോ അഥവാ മറ്റെന്തെങ്കിലും ഉപായം ഉപയോഗിച്ച് | | | |

| | | | | |
|---|---|---|---|---|
| | വലിക്കുന്ന വാഹനത്തിലോ അഥവാ മോട്ടോർ കാറോ വഹിക്കുന്ന പരസ്യങ്ങൾ<br>(എ) വിദ്യുച്ഛക്തിയിലോ യാന്ത്രിക ശക്തിയിലോ പ്രവർത്തിക്കുന്ന മോട്ടോർ കാർ, ലോറി ഒഴികെയുള്ള ഏത് വാഹനത്തിലെ പരസ്യങ്ങൾക്കും.<br>(ബ)വിദ്യുച്ഛക്തിയിലോ യാന്ത്രിക ശക്തിയിലോപ്രവർത്തിക്കുന്ന ലോറി, കാർ തുടങ്ങിയ വാഹനങ്ങൾ | | ഒരു ദിവസം<br><br>ഒരു ദിവസം | 100/-<br><br>150/- |
| 5 | പരസ്യ ബോർഡുകൾ വഹിക്കുമ്പോൾ കൊണ്ടു നടക്കുന്ന പരസ്യ ബോർഡുകൾക്ക് | | ഒരു ദിവസം | 25/- |
| 6 | പരസ്യങ്ങൾ വഹിക്കുന്ന ബോർഡുകൾ പ്രകാശിതമാക്കിയ പരസ്യങ്ങൾ, സകൈ സൈനുകൾ എന്നിവയ്ക്ക്<br><br>അധികം വരുന്ന ഓരോ ച.മീറ്ററിനോ അതിന് കുറവിനോ<br><br>എൽ.സി.ഡി.പ്രോജക്ടുകൾ ഉപയോഗിക്കാനുള്ള പരസ്യങ്ങൾ ഓരോ ച.മീറ്ററിനും | (എ)ഒരു ച.മീ.വരെയുള്ളവയ്ക്ക്<br><br>ഒരു ച.മീ.മുതൽ 3 ച.മീ.വരെ | 1 മാസം<br><br>1 മാസം<br><br>,, | 50/-<br><br>75/-<br><br>20/-<br><br>500/- |
| 7 | റാന്തൽ വെളിച്ചത്തിലോ മറ്റ് വിധത്തിലോ സ്ളൈഡുകൾ ഉപയോഗിച്ച് സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക്<br>അധികം വരുന്ന ഓരോ ച.മീറ്ററിനോ അതിന് കുറവിനോ | 1 ച.മീ.വരെ<br><br>1 ച.മീ.മുതൽ 3 ച.മീ.വരെ | 1 മാസം<br><br>,,<br><br>,, | 40/-<br><br>80/-<br><br>25/- |
| 8 | ബാനറുകൾ | 6 മീറ്റർ വരെ വീതിയുള്ളത്<br><br>6 മീറ്ററിന് മുകളിൽ | 1 മാസം<br><br>,, | 125/-<br><br>175/- |
| | കുറിപ്പ്: മേൽ പ്രസ്താവിച്ച പ്രകാരമുള്ള ബാനറുകൾ ഒരാഴ്ച കാലയളവിലേയ്ക്ക്. 1 മാസത്തെ നിരക്കിന്റെ<br><br>25% ഈടാക്കുന്നതാണ്. | | | |
| 9 | ഫിലിം ഉപയോഗിച്ച് സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക്<br><br>അധികം വരുന്ന ഓരോ മിനിട്ടിനും അതിന്റെ ഭാഗത്തിനും<br><br>50 ച.മീറ്ററിന് മുകളിൽ | 50 ച.മീറ്റർ വരെ | 3 മിനിട്ട് ദൈർഘ്യത്തിൽ 1 മാസം വരെ<br><br>1 ദിവസം<br><br>3 മിനിട്ട് ദൈർഘ്യത്തിൽ 1 മാസം വരെ | 200/-<br><br>5/-<br><br>300/- |

| | | | | |
|---|---|---|---|---|
| | കൂടുതലായി വരുന്ന ഓരോ മിനിട്ടിനും അതിന്റെ ഭാഗത്തിനും<br><br>ഫിലിം ഉപയോഗിച്ച് സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക്<br>(1) തിരശ്ശീലയിൽ തെളിയുന്ന ദൃശ്യ പരസ്യത്തിന് 37 ച.മീ.വരെ വിസ്തീർണ്ണം<br><br>(2) തിരശ്ശീലയിൽ തെളിയുന്ന ദൃശ്യ പരസ്യങ്ങളുടെ വിസ്തീർണ്ണം 37.5 ച.മീറ്റർ കവിയുമ്പോൾ അധികം വരുന്ന ഓരോ 10 ച.മീറ്ററിനും അതിന്റെ ഭാഗത്തിന്<br>ഫിലിമിന്റെ നീളം 30.50 മീറ്ററിൽ<br>കവിയാതെയുള്ളതിന് | 30.5 മീറ്റർ വരെയുള്ള ഫിലിമുകൾക്ക് | 1 ദിവസം<br><br>1 മാസം<br><br>7 ദിവസം<br><br>1 മാസം<br>1 ആഴ്ച<br><br>1 മാസം<br>7 ദിവസം | 5/-<br><br>100/-<br><br>30/-<br><br>50/-<br><br>15/-<br><br>20/-<br>10/-<br><br>15/-<br>10/- |
| | 30.5 മീറ്ററിൽ കൂടുതൽ നീളം ഫിലിമിന് ഉള്ളപ്പോൾ കൂടുതലുള്ള ഓരോ 15 മീറ്ററിനും അതിന്റെ ഭാഗത്തിനും | | 1 മാസം<br><br>7 ദിവസം | 10/-<br><br>5/- |
| 10 | റോഡുകൾക്ക് കുറുകേയും സമീപത്തും സ്ഥാപിക്കുന്ന കമാനങ്ങൾ | 6 മീറ്റർ വരെ<br>6 മീ.ന് മുകളിൽ | 1 ദിവസം<br>,, | 500/-<br>600/- |

സെക്രട്ടറി
ആറ്റിങ്ങൽ നഗരസഭ